# നഗരസഭാ കാര്യാലയം

## തിരുവല്ല

**നമ്പർ: R5-248/08(Vol. II)** തീയതി: 23.04.2012

## വിജ്ഞാപനം

കേരള സർക്കാർ തദ്ദേശ സ്വയംഭരണ (FM) വകുപ്പ് 17.08.2011–ലെ 188/2011/ തസ്വഭവ ഉത്തരവ് പ്രകാരം ഏതൊരാളിൽ നിന്നും ഈടാക്കാവുന്ന പരസ്യനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്ക് സർക്കാർ നിർദ്ദേശിച്ച് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭാ കൗൺസിൽ 23.02.2012ലെ 16–ാം നമ്പർ തീരുമാനപ്രകാരം നിലവിലുള്ള പരസ്യനികുതി നിരക്കുകൾ 01.04.2012 മുതൽ വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. തുടർന്ന് നഗരസഭാ സെക്രട്ടറി യുടെ 25.02.2012ലെ ഇതേ നമ്പർ വിജ്ഞാപന പ്രകാരം കരട് നിരക്കുകൾ അംഗീകരിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. നിരക്കുകൾ സംബന്ധിച്ച് ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം 30 ദിവസത്തിനകം രേഖാമൂലം നൽകണമെന്ന അറിയിപ്പ് KM Act 231(1)(2) വകുപ്പുകൾ പ്രകാരം രണ്ടു ദിനപത്രങ്ങളിലും നഗരസഭ, ആർ.ഡി.ഒ., താലൂക്ക് ഓഫീസ്, 3 വില്ലേജ് ഓഫീസുകൾ എന്നിവയുടെ നോട്ടീസ് ബോർഡുകളിലും പരസ്യപ്പെടു ത്തിയിരുന്നു. 30 ദിവസങ്ങൾ കഴിഞ്ഞിട്ടും ടി നിരക്കുകൾ സംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ തിരുവല്ല നഗരസഭാ കൗൺസിൽ 23.04.2012ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള പരസ്യനികുതി നിരക്കുകൾ 01.04.2012 മുതൽ താഴെപ്പറയും പ്രകാരം വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

### പുതുക്കിയ നികുതി നിരക്ക്

| ക്രമ നം. | പരസ്യത്തിന്റെ സ്വഭാവവും വിസ്തീർണ്ണവും | നിരക്ക് (രൂപയിൽ) |
|---|---|---|
| 1. | **പരസ്യപലകമേൽ/ചുവർ പോസ്റ്ററുകളിൽ പ്രകാശിപ്പിക്കാത്ത രൂപത്തിലുള്ള സ്കൈ സൈനുകൾ** | |
| | (എ) 1 ച.മീ. വിസ്തീർണ്ണം വരെ | ₹15 (1 മാസത്തേക്ക്) |
| | (ബി) 1 ച.മീ. മുതൽ 3 ച.മീ വരെ | ₹25 (1 മാസത്തേക്ക്) |
| | (സി) അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിൽ കുറവിനോ | ₹10 (1 മാസത്തേക്ക്) |
| 2. | **സിനിമാ പോസ്റ്ററുകൾ അല്ലാത്ത പോസ്റ്ററുകൾക്ക്:** | |
| | (എ) 0.50 ച.മീ. കവിയാത്തവയ്ക്ക് | ₹20 (1 മാസത്തേക്ക്) |
| | (ബി) 1.00 ച.മീ. വരെയുള്ളവയ്ക്ക് | ₹40 (1 മാസത്തേക്ക്) |
| | (സി) അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിൽ കുറവിനോ | ₹20 (1 മാസത്തേക്ക്) |
| 3. | **സിനിമാ പോസ്റ്ററുകൾ:** | |
| | (എ) 0.80 ച.മീ. കവിയാത്തത് | ₹50 (1 മാസത്തേക്ക്) |
| | (ബി) 1.60 ച.മീ. കവിയാത്ത സ്ഥല വിസ്തൃതിക്ക് | ₹70 (1 മാസത്തേക്ക്) |
| | (സി) അധികം വരുന്ന ഓരോ 0.80 ച.മീറ്ററിനോ അതിൽ കുറവിനോ | ₹50 (1 മാസത്തേക്ക്) |

**4. കാളകൾ, മനുഷ്യൻ, കുതിരകൾ, സൈക്കിളുകൾ എന്നിവ ഉപയോഗിച്ച് വലിക്കുന്ന വാഹനത്തിലോ അഥവാ മറ്റെന്തെങ്കിലും ഉപായം ഉപയോഗിച്ച് വലിക്കുന്ന വാഹനത്തിനോ അഥവാ മോട്ടോർ കാറോ വഹിക്കുന്ന പരസ്യങ്ങൾ**

| | |
|---|---|
| (എ) വിദ്യുച്ഛക്തിയിലോ യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന മോട്ടോർ കാർ, ലോറി ഒഴികെയുള്ള ഏതു വാഹനത്തിലെ പരസ്യങ്ങൾക്കും | 50രൂപ (1 ദിവസം) |
| (ബി) വിദ്യുച്ഛക്തിയിലോ യാന്ത്രിക ശക്തിയിലോ പ്രവർത്തിക്കുന്ന ലോറി, കാർ തുടങ്ങിയ വാഹനങ്ങൾ | 100രൂപ (1 ദിവസം) |

കുറിപ്പ്:-(1) വാഹനങ്ങൾ വഹിക്കുന്ന പരസ്യങ്ങൾക്കുള്ള നികുതി, വാഹനം യാത്ര ആരംഭിക്കുന്ന കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് ഈടാക്കേണ്ടതാണ്. പൊതുവായ യാത്രാവാഹനങ്ങളായി ഉപയോഗിക്കുന്ന വാഹനങ്ങളിലെ പരസ്യങ്ങൾക്ക് ഇതു ബാധകമല്ല.

(2) വാഹന ഉടമയുടെ പേര് മാത്രം ലോറിയിലോ കാറിലോ പ്രദർശിപ്പിക്കുന്നത് നികുതിക്ക് വിധേയമായ പരസ്യമല്ല.

**5. പരസ്യബോർഡുകൾ വഹിക്കുമ്പോൾ:**

| | |
|---|---|
| **കൊണ്ടു നടക്കുന്ന പരസ്യ ബോർഡുകൾക്ക്** | ₹25 (ഒരു ദിവസത്തേക്ക്) |

**6. പരസ്യങ്ങൾ വഹിക്കുന്ന ബോർഡുകൾ പ്രകാശിതമാക്കിയ പരസ്യങ്ങൾ, സ്കൈസൈനുകൾ എന്നിവയ്ക്ക്:**

| | |
|---|---|
| (എ)1.00 ച.മീ. വരെയുള്ളവയ്ക്ക് | ₹ 50 (1 മാസത്തേക്ക്) |
| (ബി) 1.00 ച.മീ. മുതൽ 3.00 ച.മീ. വരെ | ₹ 75 (1 മാസത്തേക്ക്) |
| (സി) അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിൽ കുറവിനോ | ₹ 20 (1 മാസത്തേക്ക്) |
| (ഡി) എൽ.സി.ഡി. പ്രോജക്ടുകൾ ഉപയോഗിച്ചുള്ള പരസ്യങ്ങൾ ഓരോ ച.മീറ്ററിനും അതിന്റെ ഭാഗത്തിനും<br>(ഇ) എൽ.ഇ.ഡി. ബോർഡുകൾ | ₹ 500 (1 മാസത്തേക്ക്) |

**7. റാന്തൽ വെളിച്ചത്തിലോ മറ്റ് വിധത്തിലോ സ്ലൈഡുകൾ ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്**

| | |
|---|---|
| (എ)1 ച.മീ. വരെയുള്ളവയ്ക്ക് | ₹ 200 (1 മാസത്തേക്ക്) |
| (ബി) 1 ച.മീ. മുതൽ 3.00 ച.മീ. വരെ | ₹ 350 (1 മാസത്തേക്ക്) |
| (സി) അധികം വരുന്ന ഓരോ ച.മീറ്ററിനോ അതിൽ കുറവിനോ | ₹ 80 (പ്രതിമാസം) |

**8. ബാനറുകൾ:**

| | |
|---|---|
| (എ) 6 മീറ്റർ വരെ വീതിയുള്ള റോഡിന് കുറുകയോ വശങ്ങളിലോ, തുണിയിലോ മറ്റ് വിധത്തിലോ തൂക്കിയിടുന്ന പരസ്യത്തിന് ഒരു മാസത്തിനോ അതിൽ കുറവിനോ | ₹ 400 (1 മാസത്തേക്ക്) |

| | |
|---|---|
| (ബി)6 മീറ്ററിന് മുകളിൽ വീതിയുള്ള റോഡിന് കുറുകയോ വശങ്ങളിലോ തുണിയിലോ മറ്റ് വിധത്തിലോ തൂക്കിയിടുന്ന പരസ്യത്തിന് ഒരു മാസത്തിനോ അതിൽ കുറവിനോ | ₹ 600 (1 മാസത്തേക്ക്) |

കുറിപ്പ്:-മേൽ പ്രസ്താവിച്ച പ്രകാരമുള്ള ബാനറുകൾക്ക് 7 ദിവസമുള്ള ഒരാഴ്ചക്കാലയള വിലേക്ക് ടി ഒരു മാസത്തെ നിരക്കിന്റെ 25% ഈടാക്കുന്നതാണ്.

**9. ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്:**

| | |
|---|---|
| 1. 50 ച.മീ. വരെയുള്ളവയ്ക്ക് | |
| (എ) പരമാവധി 3 മിനിട്ട് വരെയുള്ള പരസ്യത്തിന്റെ ഒരു മാസത്തെ പ്രദർശനത്തിന് | ₹ 200 (1 മാസത്തേക്ക്) |
| (ബി) അധികം വരുന്ന ഓരോ മിനിട്ടിനും അതിന്റെ ഭാഗത്തിനും | ₹ 10 (1ദിവസത്തേക്ക്) |
| 2. 50 ച.മീറ്ററിന് മുകളിലുള്ളവയ്ക്ക്: | |
| (എ) പരമാവധി 3 മിനിട്ട് വരെയുള്ള പരസ്യത്തിന്റെ ഒരു മാസത്തെ പ്രദർശനത്തിന് | ₹ 7500 (ഒരു മാസ ത്തേക്ക്) |
| (ബി) കൂടുതലായി വരുന്ന ഓരോ മിനിട്ടിനും അതിന്റെ ഭാഗത്തിനും | ₹10 (ഒരു ദിവസത്തേക്ക്) |
| 3. ഫിലിം ഉപയോഗിച്ച് സ്ക്രീനിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങൾക്ക്: | |
| 1. തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യത്തിന് 37 ച.മീ. വരെ വിസ്തീ ർണ്ണം ഉള്ളപ്പോൾ: | |
| (എ) 30.5 മീറ്ററിൽ കൂടാതെ നീളം ഫിലിമിനുള്ളപ്പോൾ: | |
| (i) പ്രതിമാസം | ₹ 100(1 മാസത്തേക്ക്) |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | ₹ 30 |
| (ബി) 30.5 മീറ്ററിൽ കൂടുതൽ നീളം ഫിലിമിനുള്ള പ്പോൾ കൂടുതലുള്ള ഓരോ 15 മീറ്ററിനും അതിന്റെ ഭാഗത്തിനും: | |
| (i) പ്രതിമാസം | ₹ 50 (1 മാസത്തേക്ക്) |
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | ₹ 15 |
| 2. തിരശ്ശീലയിൽ തെളിയുന്ന ദൃശ്യ പരസ്യങ്ങളുടെ വിസ്തീർണ്ണം 37.5 ച.മീ. കവിയുമ്പോൾ അധികം വരുന്ന ഓരോ 10 ച.മീറ്ററിനും അതിന്റെ ഭാഗത്തിനും | |
| (എ) ഫിലിമിന്റെ നീളം 30.50 മീറ്ററിൽ കവിയാതെയുള്ളതിന് | |
| (i) പ്രതിമാസം | ₹ 10 (1 മാസത്തേക്ക്) |

| | |
|---|---|
| (ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | ₹ 5 |
| (ബി) 30.5 മീറ്ററിൽ കൂടുതൽ നീളം ഫിലിമിനുള്ളപ്പോൾ കൂടുതലുള്ള ഓരോ 15 മീറ്ററിനും അതിന്റെ ഭാഗത്തിനും: | |
| i) പ്രതിമാസം | ₹ 9(1 മാസത്തേക്ക്) |
| ii) 7 ദിവസമുള്ള പ്രതിവാരത്തിനും അതിന്റെ ഭാഗത്തിനും | ₹ 3 |
| **10. റോഡുകൾക്ക് കുറുകെയും സമീപത്തും സ്ഥാപിക്കുന്ന കമാനങ്ങൾ** | |
| (എ) 6 മീറ്റർ വരെ വീതിയുള്ള റോഡുകളിൽ സ്ഥാപിക്കാൻ | 250രൂപ (ഒരു ദിവസത്തേയ്ക്ക്) |
| (ബി) 6 മീറ്ററിന്മേൽ വീതിയുള്ള റോഡുകളിൽ സ്ഥാപിക്കാൻ | 300രൂപ (ഒരു ദിവസത്തേയ്ക്ക്) |

**മുനിസിപ്പൽ സെക്രട്ടറി**
**തിരുവല്ല നഗരസഭ**

എജെ/